# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 ● ISSUE : 10 OCTOBER 2010


## എഡിറ്റോറിയൽ

### മറ്റുള്ളവരെ കരുതണം

"മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നവർക്കു മാത്രമേ ജീവിക്കുന്നെന്നു പറയുവാനാകൂ." "കൊടുക്കുവാനാണ് പഠിക്കേണ്ടത്. വാങ്ങുവാനല്ല" - സ്വാമി വിവേകാനന്ദന്റെ വചനങ്ങളിൽ നിന്ന്.

ഭാരതത്തെ ലോകജനതയ്ക്കുമുമ്പിൽ വലിയ ആത്മീയ ശക്തിയാണെന്നു തെളിയിച്ച സ്വാമി വിവേകാനന്ദനാണ് "നൽകുന്ന കൈകൾക്കാണ് ആത്മീയചൈതന്യം ഉൾക്കൊള്ളാനാവുന്നത് " എന്നു പറഞ്ഞിട്ടുള്ളത്.

ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കണം (ഫില 2:3,4). ആരെങ്കിലും യഥാർത്ഥ ആവശ്യങ്ങളുമായി നമ്മളെ സമീപിച്ചാൽ അവരെ സഹായിക്കണമെന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. കർത്താവായ യേശുക്രിസ്തു പഠിപ്പിച്ചിരിക്കുന്നതും അതുതന്നെയാണ്. നിന്നോടുചോദിക്കുന്ന ഏവനും കൊടുക്ക (ലൂക്കോ 6:30).

ദൈവം നമുക്കു നൽകിയിട്ടുള്ള നല്ല സൗകര്യങ്ങളെ ഉപയോഗിച്ച് നമുക്കു ചുറ്റുമുള്ള കുറച്ചാളുകളെയെങ്കിലും സഹായിക്കാൻ ശ്രമിക്കണം. ഒരു പുരോഹിതൻ പള്ളിയിൽ പ്രസംഗമദ്ധ്യേ പറഞ്ഞത് ഇങ്ങനെയായിരുന്നു. നിങ്ങളുടെ അയൽപക്കത്ത് ഒരു നേരത്തെ ഭക്ഷണത്തിനുപോലും കഴിവില്ലാത്തവർ കണ്ടേന്നു വരാം. അവരാരും നിങ്ങളെത്തേടി വന്നില്ലെന്നും വരാം. നിങ്ങൾ അങ്ങനെയുള്ളവരെ കണ്ടുപിടിച്ച് സഹായിക്കുന്നതിലാണ് നിങ്ങളുടെ മഹാമനസ്കത തെളിയുന്നത്. അല്ലാതെ, എനിക്ക് നിങ്ങളെ സഹായിക്കുവാൻ കഴിയും നിങ്ങൾ വേണമെങ്കിൽ എന്റെ അടുക്കൽ വരണമെന്ന് വിളിച്ചുപറയുന്നതിലല്ല നിങ്ങളുടെ മാഹാത്മ്യം. സഹായം ആവശ്യമുള്ളവർ നിങ്ങളുടെ ചുറ്റുപാടുമുണ്ടെങ്കിൽ അതു കണ്ടുപിടിച്ച് ഇന്നുതന്നെ അവരെ സഹായിക്കുവാൻ ശ്രമിക്കണം. അതായിരിക്കും നിങ്ങൾക്കു ചെയ്യാവുന്നതിൽ ഏറ്റവും വലിയ പുണ്യപ്രവൃത്തി. എളിയവനോട് കൃപകാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു (സദൃ. 19:17). എന്നുള്ള തിരുവചനം എത്ര പ്രധാനമാണ്.

യേശുക്രിസ്തു പറഞ്ഞിരിക്കുന്നത്, മനുഷ്യർ നിങ്ങൾക്ക് ചെയ്യേണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്യുവിൻ (മത്താ 7:12). എന്നാണ്. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്ക എന്നതാണ് ഏറ്റവും വലിയ കല്പന എന്ന് പഠിപ്പിച്ച യേശുക്രിസ്തു, നമുക്കു ദൈവം തന്നിരിക്കുന്ന കൃപ (അത് ധനമാകട്ടെ, ദൈവസ്നേഹമാകട്ടെ) അത് ലഭിക്കാത്തവരും, അതിനുവേണ്ടി ആഗ്രഹിക്കുന്നവരുമായും പങ്കുവയ്ക്കുകയും ചെയ്യണമെന്നാണ് പഠിപ്പിച്ചത്. മറ്റുള്ളവരെ സ്നേഹിക്കുവാനും, ശുശ്രൂഷിക്കുവാനും, സഹായിക്കുവാനും തയ്യാറായാൽ ഉന്നത സ്ഥാനത്തെത്തുമെന്ന് യേശു പറയുന്നു. നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ, എല്ലാവർക്കും ദാസനാകേണം (മർക്കോ. 10:43).

മദർതെരേസ, മഹാത്മാഗാന്ധി, നെൽസൺ മണ്ഡേല തുടങ്ങിയവർ അവരുടെ ജീവിതത്തെ സേവനരംഗമാക്കുകയായിരുന്നു. അങ്ങനെയായിരുന്നു അനേകരുടെ ഹൃദയത്തിൽ അവർ സ്ഥാനം നേടിയത്. സേവനം ചെയ്യുന്നവരെ സേവിക്കുവാൻ ജനം തയ്യാറാകും. ഇവർക്കാർക്കും പണമോ പ്രശസ്തിയോ ഒരു പ്രശ്നമായിരുന്നില്ല.

ഏതു രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കും അവരുടെ ജീവിതത്തെ സേവനരംഗമാക്കി മാറ്റാൻ സാധിക്കും. പൊലീസുകാരനായാലും തൂപ്പുകാരനായാലും കളക്ടറായാലും സഹജീവികളായ മനുഷ്യരെ സഹായിക്കുന്നവരെ മാത്രമേ ജനങ്ങൾ ഓർക്കുകയുള്ളൂ. ദൈവസഹായവും അവർക്കുണ്ടാകും. ■

## A STATE GETTING DROWNED IN ALCOHOL

**Dr. Yakob Mar Irenaios Metropolitan**



Sense and sensibility are two blessings that we have. If we choose to dispense with them, then we alone are responsible for that, no one else! Kerala is endowed with enough rain, vegetation, the splendor of scenic beauty, mountain ranges,the magic of the sea, fertile land, a race of hard working and peace-loving people and so many other things! But look, modern Kerala is "model" to none. The much talked about " Kerala Model" of development lies there in shambles. The overall condition of infrastructural facilities, job opportunities, social safety of the citizens, standards of educational institutions, general moral standards of the people are all out of gear and Topsy-turvy. The only possible boast today could be that this part of the world is the model for a people who are encouraged to drink, lose their dignity, destroy their families and rush towards every kind of decadence and degeneration! Kerala has become the capital of drinking and illicit liquor. Can you think of a regime which takes pride in the fact that the major chunk of its revenue accrues from the escalating drinking habit of its people. Thus the economy of the state is being sustained on the immoral principle of making as many people as possible to be potential drunkards! This economy is being built on the tears of mothers and house wives, and the wailing of children. Kerala is a state known for its people work in overseas climes to make money for their sustenance. They never get these opportunities back home, which is best known for Government sponsored hartals and bandhs. When the rulers and the powers that be lose their sense of fair play and civil decency, the people are rendered helpless, unless they rise up as movement to react against this.

Today the number of alcoholics are steadily on the increase in this small state; and no one seems to care! The Bible clearly states that a drunkard will never inherit heaven! Such a person loses his sense and sensibility, sense of dignity and mental peace, and this disorder eats into the vitals of the family and its hallowed cultural trust. Our youth, who constitute our hope for tomorrow and magnify our dreams are not to be allowed to get drowned in alcohol. As a religiously minded lot, we have lost sense of inebriation in the fear of the Lord and his love. It is the urgency of the closeness of God that challenges us to drink in the soothing and strengthening presence of Almighty. When there develops a vacuum in this area, may be that is getting filled with things which are not only sheer materialism, but those that openly are detrimental to the well being of the populace. Rather, let us seek after the One who always wills our well being and succor; without letting the corrupt environmental stimulations to deflect our attention and sensibilities to stimulants which effect our undoing! Let there be people's movement, rather a youth' movement against substance abuse in general, and the misuse of the ' akbari culture" in Kerala. The economy of a state shall never be made to lean on the money generated by increasing the drinking habit of the people! Let us stand up to speak against it; and spread the message that 'JESUS CULTURE' is against all shades of alcoholism. Drunkards provide a counter witness to what is best in our culture and Christianity. Churches need to speak against it; and make our youngsters to form a vanguard against this bane our state and our culture are threatened with. Let our homes and workplaces be free from this plague of alcoholism!

വികാരിയുടെ കത്ത്

# വി. വേദപുസ്തകം – "Holy Bible"



**ഫാ. ഒ. വി. ഏലിയാസ്**

ക്രൈസ്തവസഭയുടെ പ്രമാണ ഗ്രന്ഥമാണ് വേദപുസ്തകം. ഇംഗ്ലീഷിൽ ബൈബിൾ എന്ന് പറയപ്പെടുന്നു. പുസ്തകം എന്നർത്ഥമുള്ള ബിബ്ലോസ് എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ആ പദത്തിന്റെ ഉത്ഭവം. "തിരുവെഴുത്തുകൾ" എന്ന പേരും ചിലപ്പോൾ" ദൈവവചനം" എന്നും ഇതിന് പരാമർശം കാണാം. യേശുക്രിസ്തു അധികം ഉപയോഗിച്ചിട്ടുള്ള പേര് "തിരുവെഴുത്തുകൾ" എന്നുള്ളതാണ്. (മത്തായി: 21 : 42, 22:29) വേദപുസ്തകത്തിൽ പഴയനിയമം, പുതിയനിയമം എന്ന് രണ്ടു ഭാഗങ്ങൾ ഉണ്ട്. 'നിയമം' എന്ന പദം 'ടെസ്റ്റമെന്റ്' എന്ന ലത്തീൻ പദത്തിൽ നിന്നുണ്ടായതാണ്. ഉടമ്പടി അഥവാ സഖ്യം എന്നാണതിന്റെ അർത്ഥം. ദൈവം മനുഷ്യനുമായി ചെയ്ത കൃപാർദ്രമായ സഖ്യമാണ് വേദപുസ്തകത്തിലെ പ്രതിപാദ്യം. ഉടമ്പടിയിൽ ഉൾച്ചേർന്ന വാഗ്ദാനങ്ങൾ ദൈവം എങ്ങനെ നിറവേറ്റി എന്ന് വേദപുസ്തകം വിവരിക്കുന്നു. രണ്ടുനിയമങ്ങളിലും ദൈവത്തിന്റെ ഹൃദയാവിഷ്കരണവും രക്ഷണ്യപ്രവർത്തിയുമുണ്ട്. പഴയതിൽ ഇവയുടെ ആരംഭവും വളർച്ചയും എങ്കിൽ പുതിയതിൽ അവയുടെ പൂർത്തീകരണവും കാണാം. രണ്ടിന്റെയും അർത്ഥവും ലക്ഷ്യകേന്ദ്രവും ഒന്നു തന്നെ; അതായത് യേശുക്രിസ്തു. യേശുക്രിസ്തുവിൽ കൂടി ദൈവം നിവർത്തിക്കുന്ന രക്ഷണ്യ പ്രവർത്തനമാണ് വേദപുസ്തകത്തിന്റെ കേന്ദ്രസന്ദേശം.

## സഭയും വേദപുസ്തകവും

വേദപുസ്തകം സഭയിൽ നിന്നും സഭയ്ക്ക് വേണ്ടിയും രൂപപ്പെട്ടതാണ്. പഴയനിയമത്തിന്റെ ഉത്ഭവം യിസ്രായേല്യസഭയിൽ നിന്നും പുതിയ നിയമം ക്രിസ്തീയ സഭയിൽ നിന്നും രൂപംകൊണ്ടു. സഭയുടെ ആരാധനാപശ്ചാത്തലത്തിലാണ് ഇവയുടെ ഉത്ഭവവും വളർച്ചയും. സഭയാണ് വേദപുസ്തകത്തിൽ ഏതെല്ലാം കൃതികൾ ഉൾക്കൊള്ളണമെന്ന് നിശ്ചയിച്ചതും മറ്റുള്ളവയെ പുറന്തള്ളിയതും. സഭയാണ് വേദപുസ്തകത്തെ വ്യാഖ്യാനിക്കേണ്ടത്. സഭയുടെ പാരമ്പര്യത്തിന്റെ മൂർത്തവും സജീവവുമായ ഘടകമാണ് വേദപുസ്തകം. സഭയുടെ വിശ്വാസാചാരങ്ങൾ ക്രോഡീകരിക്കപ്പെടുന്നതിനും നിയന്ത്രിക്കുന്നതിനും വേദപുസ്തകത്തിന് ഗണ്യമായ പങ്കുണ്ട്. എന്നാൽ സഭയുടെ വിശ്വാസാനുഷ്ഠാനങ്ങൾക്ക് വേദപുസ്തകം മാത്രമാണ് അടിസ്ഥാനമെന്ന തത്വം ഓർത്തഡോക്സ് സഭ അംഗീകരിക്കുന്നില്ല. വേദപുസ്തകത്തിലെ ഓരോ വാകൃത്തിന്റെയും പ്രാധാന്യവും അർത്ഥവും ഗ്രഹിക്കുവാൻ അത് എഴുതിയ പശ്ചാത്തലം എന്തെന്നറിഞ്ഞിരിക്കണം. ആരാണ് എഴുതിയത്, ആർക്കാണ് എഴുതിയത്, എന്നാണ് എഴുതിയത്, ഏത് ഭാഷയിലാണ് എഴുതിയത്, എന്തിനാണ് എഴുതിയത് തുടങ്ങിയ കാര്യങ്ങളും അറിഞ്ഞിരിക്കണം. ഓരോ പുസ്തകത്തിന്റെയും ഉള്ളടക്കവും പ്രതിപാദന ഭാഗവും തമ്മിലുള്ള ബന്ധമെന്ത്, ചരിത്രപരവും വേദശാസ്ത്രപരവുമായ പ്രാധാന്യം അർഹിക്കുന്ന വാക്കുകളോ പദപ്രയോഗങ്ങളോ പരാമർശങ്ങളോ ഉണ്ടോ, പുസ്തകം രൂപം പ്രാപിച്ച കാലഘട്ടത്തിലെ സന്ദേശം എന്ത്, ഇന്നത്തെ പ്രത്യേക പ്രശ്നങ്ങളെ നേരിടുന്നതിൽ അവ നൽകുന്ന മാർഗ്ഗനിർദ്ദേശം എന്താണ് എന്നിവയെല്ലാം സൂക്ഷ്മ പഠനം കൊണ്ട് കണ്ടെത്തി വേണം വേദപുസ്തകം വ്യാഖ്യാനിക്കുവാനും പഠിപ്പിക്കുവാനും.

## വേദപുസ്തകവും പാരമ്പര്യവും സഭയുടെ വിശ്വാസവും

ആദിമ നൂറ്റാണ്ടുകളിൽ വേദവിപരീതങ്ങൾ ഉടലെടുത്തപ്പോൾ സഭ ശരിയായ വിശ്വാസം ഇന്നതെന്ന് തീർപ്പു കൽപ്പിക്കുകയും, പഠിപ്പിക്കുകയും വിശ്വാസവിപരീതത്തെ പിൻതള്ളുകയും ചെയ്തിട്ടുണ്ട്. ഈ കാലഘട്ടത്തിലും സഭാവിശ്വാസം പരിത്യജിച്ച് സെക്ടേറിയൻ സഭാവിഭാഗങ്ങൾ ഉടലെടുത്തുകൊണ്ടിരിക്കുന്നു. സഭാവിശ്വാസം ത്യജിക്കുകയും ചോദ്യം ചെയ്യുകയും തങ്ങളുടെ വാദഗതികൾക്കനുസരണമായി വേദപുസ്തകത്തെ വളച്ചൊടിക്കുകയും ചെയ്തുവരുന്നു. ഇത്തരുണത്തിൽ ഏതാനും കാര്യങ്ങൾ കൂടി അറിഞ്ഞിരിക്കേണ്ടത് ഏറ്റവും ആവശ്യമാണ്. നമ്മുടെ കർത്താവ് പ്രവർത്തിച്ചതും പഠിപ്പിച്ചതും തിരുവായ്മൊഴിഞ്ഞതുമായ എല്ലാ കാര്യങ്ങളും വേദപുസ്തകത്തിലില്ല (യോഹ: 21:25). ലഭ്യമായിരുന്നെങ്കിൽ വേദപുസ്തകത്തിൽ ഉൾപ്പെടുമായിരുന്ന ലാവോദിക്യ ലേഖനവും വേദപുസ്തകത്തിലില്ല (കൊലോ:4:16). "നിങ്ങൾ ഉറച്ചുനിന്ന് ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവീൻ" എന്ന് 2 തെസ്സ:2:15ൽ നാം വായിക്കുന്നു.

വാക്കിനാൽ പഠിപ്പിച്ച പ്രമാണങ്ങൾ എന്തൊക്കെയെന്ന് കൃത്യമായി അറിയാനും മാർഗ്ഗമില്ല. ഇവിടെയാണ് സഭാപാരമ്പര്യത്തിന്റെ സാംഗത്യവും പ്രാധാന്യവും കാണാൻ കഴിയുന്നത്. സഭാ പാരമ്പര്യം കേവലം നിർജ്ജീവ ആചാരാനുഷ്ഠാനങ്ങളല്ല. മറിച്ച് യേശുവിൽ നിന്ന് പഠിച്ചതും ശിഷ്യന്മാർ പഠിപ്പിച്ചതും ആദിമസഭയിൽ നിലനിന്നിരുന്നതുമായ സത്യവിശ്വാസാചാരാനുഷ്ഠാനങ്ങളാണ്. ആദിമസഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളറിയാൻ തുറന്നമനസ്സോടെയുള്ള സമീപനം ആവശ്യമാണ്.

ആദിമ സഭ കർത്താവിൽ നിന്നും തന്റെ ശിഷ്യന്മാരിൽ നിന്നും പഠിച്ചതും പ്രയോഗത്തിൽ വരുത്തിയിരുന്നതുമായ വിശ്വാസകാര്യങ്ങളുടെ ആഴവും പരപ്പും അറിയണമെങ്കിൽ ഒന്നും രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ പിതാക്കന്മാരുടെ എഴുത്തുകളും പഠിപ്പിക്കലുകളും അറിയണം. വിശ്വാസകാര്യങ്ങളിൽ വരുന്ന അവ്യക്തതകളും സംശയങ്ങളും ദൂരീകരിക്കാൻ അവ പര്യാപ്തമാണ്. ■

# SALE! SALE!

**Petson Peter C**

The month of October evokes colorful thoughts of a Sale day at Ernakulam St. Mary's Cathedral. The din and bustle which start towards the end of the Holy mass creates waves of temptation for those who are inside the Church prompting them to come out and join the mela. Soon the entire compound of the Church turns to be a busy market with vendors and buyers competing to sell and buy what ever items available including eatables. But, here, in these markets unlike in ordinary markets the vendors assumes the position of Kings and not the customers.

Long years back, on one such sale day Vicar, Joseph Achan (late Pachomios Thirumeni) was assessing the position of the items remaining untouched in different counters and noted unsold stock of Ovaltine, a health drink. With a sweet smile Joseph Achan took one or two tins from the lot and took position at the main gate thrusting the beverage to each and every one who leaves the venue not forgetting to explain its qualities. Most of the Parish members enjoyed his salesmanship and within minutes the entire stock were sold out. In the next moment, with a radiant face Joseph Achan turned to the pavilion where auction process was at its peak and started wooing the bidders. The entire atmosphere became livelier by his presence and the show prospered well with the participation of more members. Memories of those sale days glitter again on the approach of every 'sale season' in our Parish and the unseen spirit still lingers without loosing its charm even today and for ever. ■

# നീനെവേ

പി.റ്റി. ജോൺ

നീനെവേ നിവാസികളുടെ ദുഷ്ടത തന്റെ സന്നിധിയിൽ എത്തിയിരിക്കുന്നുവെന്നും, അവിടെ പോയി അവർക്കെതിരായി സംസാരിക്കണമെന്നുമുള്ള യഹോവയുടെ കല്പന അനുസരിക്കുവാൻ യോനാ വൈമനസ്യം കാണിച്ചു. തന്റെയും, തന്റെ  നാടിന്റെയും ശത്രുക്കളായ നീനെവേക്കാർ താൻ നൽകുന്ന മുന്നറിയിപ്പു മൂലം അനുതപിച്ചു മാനസാന്തരപ്പെട്ടാൽ ദൈവം അവരോട് ക്ഷമിക്കുമെന്ന് യോനായ്ക്ക് അറിയാമായിരുന്നു. അങ്ങനെ സംഭവിക്കുവാൻ ഒരു അവസരം ഉണ്ടാകാതിരിക്കുവാനും അവർ രക്ഷിക്കപ്പെടാതിരിക്കുവാനുമാണ് യോനാ ദൈവത്തിന്റെ സന്നിധിയിൽ നിന്ന് നീനെവേയുടെ എതിർവശത്തേക്ക് ഓടിപ്പോയത്. എന്നാൽ ദൈവം യോനായെക്കൊണ്ട് തന്റെ ദൂത് നീനെവേയിൽ കൊടുപ്പിക്കുകതന്നെ ചെയ്തു.

നീനെവേയെ വെറുക്കുവാനും, ഭയപ്പെടുവാനും ഇസ്രായേല്യർക്ക് അനേകം കാരണങ്ങൾ ഉണ്ടായിരുന്നു. പക്ഷേ യഹോവ  നീനെവേയെ സ്നേഹിച്ചു. അതിനെ നശിപ്പിക്കുവാനല്ല രക്ഷിക്കുവാനാണ് അവിടുന്ന് ആഗ്രഹിച്ചത്. ഗത്യന്തരമില്ലാതെ യോനാ അവർക്ക് ധർമ്മോപദേശം നൽകിയപ്പോൾ അവർ രട്ടിലും വെണ്ണീറിലുമിരുന്ന് അനുതപിച്ചു. തന്മൂലം നീനെവേയരോടുണ്ടായിരുന്ന കോപം അവരുടെ നിലവിളിയാൽ ദൈവം നീക്കി.. ഇസ്രായേലിനപ്പുറത്തുള്ളവരോടും താൻ കരുണ കാണിക്കുമെന്നും, മഹാകരുണയും ദീർഘക്ഷമയുമുള്ള ദൈവമാണ് താനെന്നും യഹോവ ഒരിക്കൽകൂടി വെളിപ്പെടുത്തി. വലങ്കയ്യും, ഇടങ്കയ്യും തമ്മിൽ തിരിച്ചറിഞ്ഞുകൂടാത്ത ഒരുലക്ഷത്തി ഇരുപതിനായിരത്തിൽ ചില്വാനം മനുഷ്യരും അനേകം മൃഗങ്ങളുമുള്ള മഹാനഗരമായ നീനെവേയോട് എനിക്ക് അയ്യോഭാവം തോന്നരുതോ എന്ന് ദൈവം യോനായോടു ചോദിച്ചു (യോന 4:11).

നോഹയുടെ പൗത്രനായ ക്രൂശിന്റെ പുത്രൻ വീരനായ നിമ്രോദാണ് നീനെവേ പടുത്തുയർത്തിയതെന്ന് ഉല്പത്തിയിൽ കാണുന്നു. (ഉല്പ-10:11). നീനെവേക്കാർ യോനായുടെ കാലത്ത് മനമുരുകി അനുതപിച്ചെങ്കിലും പിൽക്കാലത്ത് പഴയതിലും വഷളായ നിലയിലെത്തി. നീചമായ പ്രവൃത്തികളുടെ പരിണിതഫലമായി അവർ ശിക്ഷിക്കപ്പെടുമെന്നും, നീനെവേ നഗരം നശിപ്പിക്കപ്പെടുമെന്നും, നഹൂവും, സെഫന്യാസും പ്രവചിച്ചു. ആക്രമിക്കപ്പെടുമ്പോൾ നീനെവേയുടെ സ്ഥിതി എന്തായിരിക്കുമെന്ന് നഹൂം മുൻകൂട്ടിക്കണ്ടു. നീനെവേ വെള്ളമില്ലാത്ത ഒരു കുളംപോലെയാകും; അതിന്റെ സമ്പത്ത് കൊള്ളയടിക്കപ്പെടും; രഥങ്ങൾ കത്തി പുകയാകും. ദേശം ശവങ്ങൾ കൊണ്ടു നിറയും; നീനെവേ  നശിക്കുമ്പോൾ ആർ അതിനുവേണ്ടി വിലപിക്കും; എന്നിങ്ങനെ പ്രവചനം നീണ്ടുപോകുന്നു. നീനെവേ ശൂന്യവും, മരുഭൂമിയിലെ വരണ്ട നിലവുമായിത്തീരുമെന്ന് സെഫന്യാവും പ്രവചിച്ചു.

പ്രവചനങ്ങൾ യാഥാർത്ഥ്യമായി. അധിവസിക്കുവാൻ കൊള്ളാത്തവിധം നീനെവേ നശിക്കപ്പെട്ടു. ലോകത്തിലെ ഏറ്റവും വലിയ നഗരമായിരുന്ന അത്, പുല്ലുപിടിച്ച കൽക്കൂമ്പാരങ്ങളായി മാറി. വർഷങ്ങൾക്കുശേഷം മഹാനായ അലക്സാണ്ടറും, നെപ്പോളിയനും യുദ്ധമദ്ധ്യേ താൽക്കാലികമായി അവിടെ പാളയമടിച്ചപ്പോൾ ഒരു മഹാനഗരം ഒരുകാലത്ത് അവിടെ സ്ഥിതി ചെയിതിരുന്നുവെന്ന് അറിഞ്ഞതേയില്ല. അതിന്റെ പേരുപോലും വിസ്മൃതിയിലാണ്ടുപോയി. ആട്ടിൻകൂട്ടത്തിന്റെ മൺകോട്ട എന്ന് അർത്ഥം വരുന്ന പേരിൽ ആ സ്ഥലം പിന്നീട് അറിയപ്പെട്ടു.

നീനെവേ  നഗരത്തിന്റെ മുകൾ ഭാഗം മൂടിയിരുന്ന മണ്ണു നീക്കി നോക്കിയ പുരാവസ്തു ശാസ്ത്രജ്ഞൻമാർ വിവരിക്കുന്നതനുസരിച്ച്, നല്ല ഘനവും 7 3/4 മൈൽ ചുറ്റളവുമുള്ള ഒരു ഭിത്തി നഗരത്തിനുണ്ടായിരുന്നു. ഈ ഭിത്തിക്കു ചുറ്റും 150 അടി വീതിയുള്ളതും വെള്ളം നിറഞ്ഞിരുന്നതുമായ ഒരു കിടങ്ങും കാണപ്പെട്ടു. ഇതിനെല്ലാം ഉപരിയായി അസ്സീറിയൻ പട്ടാളം വളരെ ജാഗ്രതയോടെ കോട്ടയ്ക്കു കാവൽ നിന്നിരുന്നു എന്നാണ് ചരിത്രം. ഇങ്ങനെയുള്ള പ്രതിബന്ധങ്ങളെല്ലാം മറികടന്ന് ബാബിലോൺ സൈന്യം നീനെവേ  പിടിച്ചെടുത്ത് ഒരിക്കലും പുനസ്ഥാപിക്കുവാൻ സാദ്ധ്യമല്ലാത്തവിധം എന്നെന്നേക്കുമായി അതിനെ തകർത്തു തരിപ്പണമാക്കി. ■

## വാർഷിക സെയിൽ

നമ്മുടെ ഇടവകയുടെ വാർഷിക സെയിൽ 10-10-2010 ഞായറാഴ്ച വി. കുർബ്ബാനാനന്തരമാണല്ലോ. സെയിൽ സംബന്ധിച്ച അറിയിപ്പുകൾ ഇതിനോടകം പലപ്രാവശ്യം നൽകി കഴിഞ്ഞു. ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഓരോ വർഷവും സെയിൽ ഇനത്തിൽ മുൻവർഷത്തെക്കാൾ കാര്യമായ വർദ്ധനവ് ഉണ്ടാകാറുണ്ട്. എല്ലാവരുടെയും സഹകരണവും ആത്മാർത്ഥതയോടെയുള്ള പ്രവർത്തനങ്ങളുമാണ് ഇത് സൂചിപ്പിക്കുന്നത്. ഇടവകയിലെ മർത്തമറിയാം സമാജം, യുവജന പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം എന്നീ ആത്മീയ സംഘടനകൾ ഉൾപ്പെടെ ഇടവക മുഴുവനും ഈ സംരംഭത്തിൽ പങ്കുകൊള്ളുന്നു. എല്ലാവരും സംബന്ധിക്കുക മാത്രമല്ല തങ്ങൾക്ക് പരിചയമുള്ള മറ്റുള്ളവരെയും സെയിലിൽ സംബന്ധിപ്പിക്കുവാൻ ശ്രദ്ധിക്കുകയും വേണം. പണമായും സാധനങ്ങളായും നൽകി സഹായിക്കണം. നൽകുക മാത്രമല്ല, സെയിലിന് വന്നുചേരുന്ന സാധനങ്ങൾ ഒന്നും ശേഷിക്കാതെ വാങ്ങുകയും വേണം. ഭക്ഷണത്തിനുള്ള (ബിരിയാണി ഉൾപ്പെടെ) കൂപ്പണുകൾ നേരത്തെതന്നെ വാങ്ങാവുന്നതാണ്. ലേലം ഒരു മുഖ്യ ഇനമാണ്. ലേലത്തിൽ സംബന്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. വിലകൂടിയ സാധനങ്ങൾ സ്പോൺസർ ചെയ്യുകയും അത് ലേലത്തിൽ വാങ്ങാൻ കഴിവുള്ളവരെ കണ്ടെത്തി പങ്കുകൊള്ളിക്കുകയും വേണം. പള്ളിക്ക് സ്ഥലം വാങ്ങിയ ഇനത്തിൽ ഇനിയും 15 ലക്ഷം രൂപ കടബാദ്ധ്യതയുണ്ട്. ഈ വർഷത്തെ സെയിൽ കൊണ്ട് ഈ കടം വീട്ടുവാൻ സാധിക്കണം. ഇടവകയുടെ ഒരു സോഷ്യൽ ഗാതറിങ് കൂടി ആണ് സെയിൽ, ഒപ്പം ഒരു പ്രധാന വരുമാന മാർഗ്ഗവും. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. ആരുംതന്നെ സെയിലിൽ നിന്ന് വിട്ടു നിൽക്കരുത്.

**ഫാ. ഒ.വി. ഏലിയാസ്**



ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഓഗസ്റ്റ്- സെപ്റ്റംബർ മാസങ്ങളിലെ വിതരണം, സെപ്റ്റംബർ 11ന് ഇടവകാംഗവും ഹൈക്കോടതി ജഡ്ജിയുമായ ശ്രീ. സുരേന്ദ്രമോഹൻ ഡോ. ഉഷശ്രീ വാര്യർക്ക് നൽകിക്കൊണ്ട് നിർവ്വഹിച്ചപ്പോൾ. കത്തീഡ്രൽ ട്രസ്റ്റി ചെറിയാൻ തോമസ്, റവ. ഫാ. ഒ.വി. ഏലിയാസ്, ആശുപത്രി സൂപ്രണ്ട് ഡോ. ജുനൈദ് റഹ്മാൻ, റവ. ഫാ. പി.ഐ. വർഗ്ഗീസ്, എന്നിവർ സമീപം.

## THE LITTLE GIRL AND THE PIANO

A little girl wanted to become a great pianist, but all she could play on the piano was the simple little tune, “Chopsticks.” No matter how hard she tried, that was the best she could do. Her parents decided after some time to arrange for a great maestro to teach her to play properly. Of course, the little girl was delighted.

When the little girl and her parents arrived at the maestro’s mansion for the first lesson, they were escorted by the butler into the parlour, where they saw a beautiful concert grand piano. Immediately, the little girl dashed over to the piano and began playing “Chopsticks.” Her embarrassed parents started across the room to tell her to stop, but as she played, the maestro entered the room and encouraged the little girl to continue.

The maestro then took a seat on the piano bench next to the little girl, listening to her play. After a moment he began to play along with her, adding chords, runs, and arpeggios. The little girl continued to play “Chopsticks.” The parents couldn’t believe their ears. They were hearing a beautiful piano duet, played by their daughter and the maestro, and amazingly enough, the central theme of it was still “Chopsticks.”

*Contd. page - 4*

*Contd. from page - 3*

At times you may feel like you're a nobody, that you will never accomplish great things. But think of that little girl. All she could play was "Chopsticks." Nobody wanted to hear "Chopsticks." It was an embarrassment to her parents and annoying to everyone else. Yet the maestro encouraged her to keep on playing.

God knows what you can do. He created you with gifts and talents. Sure, compared to some people's abilities, your gifts and talents may seem like "Chopsticks"— not very original and not very spectacular. But God says, "Keep on playing—and make some room on the piano bench for Me." God is able to take the little that we are able to do and turn it into something beautiful for Him. ■

# ജോൺ ഡി. റോക്ക്ഫെല്ലർ

"അങ്ങനെതന്നെ നിങ്ങളിലാരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടു പിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (ലൂക്കോ. 14:23). മറ്റുള്ളവരെപ്പറ്റി ചിന്തയോ, കരുതലോ ഇല്ലാത്തവർ ഒരിക്കലും സംതൃപ്തരായിരിക്കയില്ല. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു നല്ലത് എന്നു കർത്താവു പറഞ്ഞു.

ജോൺ ഡി. റോക്ക്ഫെല്ലർ പണം സമ്പാദിക്കുവാൻ വേണ്ടി മാത്രം ജീവിച്ച് ലോകത്തിലെ ധനികരിൽ അഗ്രഗണ്യനായി. അയാളുടെ ജോലിക്കാരെക്കുറിച്ച് അയാൾക്ക് യാതൊരു കരുതലുമില്ലായിരുന്നു. എല്ലാവരും അയാളെ വെറുത്തു. മനോസുഖം നഷ്ടപ്പെട്ട് അയാൾ രോഗിയുമായി. ഒരു രാത്രി ഉറക്കമില്ലാതെ കിടക്കുമ്പോൾ തന്റെ കുറവിനെപ്പറ്റി അയാൾ ചിന്തിച്ചു. അതിന്റെ ഫലമായി രൂപംകൊണ്ടതാണ് 'റോക്ക്ഫെല്ലർ ഫൗണ്ടേഷൻ'. ലോകമെമ്പാടുമുള്ള അനേകം ആശുപത്രികൾക്കും, അനാഥാലയങ്ങൾക്കും തണലേകി നിൽക്കുന്ന റോക്ക്വെൽ ഫൗണ്ടേഷൻ രൂപംകൊടുത്തതോടെ അദ്ദേഹം സന്തോഷചിത്തനായി തീരുകയും, മനുഷ്യർ അദ്ദേഹത്തെ സ്നേഹിച്ചുതുടങ്ങുകയും അദ്ദേഹം മനസ്സമാധാനത്തോടെ 98 വയസ്സുവരെ ജീവിക്കയും ചെയ്തു.

സ്വന്തം കാര്യം ലക്ഷ്യമാക്കാതെ മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്ന ഏതു പ്രവർത്തിയും നമ്മെ സന്തോഷത്തിലേക്കു നയിക്കും. എപ്പോഴും നമ്മുടെ പ്രയാസങ്ങളെക്കുറിച്ചു ചിന്തിക്കാതെ അതിലും വലിയ പ്രയാസങ്ങൾ നേരിടുന്ന "മറ്റുള്ളവരെ സഹായിക്കുക".. ദൈവം നമ്മളെ സൃഷ്ടിച്ചതെന്തിനാണെന്ന് കൊച്ചുകുട്ടി അമ്മയോടു ചോദിച്ചപ്പോൾ അമ്മ പറഞ്ഞു "മറ്റുള്ളവരെ കരുതുവാനാണെന്ന്." ഉടനെ കുഞ്ഞു ചോദിച്ചത് മറ്റുള്ളവരെ സൃഷ്ടിച്ചതെന്തിനാണെന്നാണ്. അമ്മയുടെ മറുപടി അവർ നമ്മെ കരുതുവാനാണെന്നായിരുന്നു. ■

## കുടുംബ വിശേഷങ്ങൾ

### വിശേഷദിവസങ്ങൾ

**ഒക്ടോബർ**

10 ഞായർ : വാർഷിക സെയിൽ - കത്തീഡ്രലിൽ. 7 മണിക്ക് ആരംഭിക്കുന്ന ഒരു വിശുദ്ധ കുർബ്ബാന മാത്രം.

24 ഞായർ : ഇളംകുളം ചാപ്പലിൽ പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ - കുർബ്ബാന 6.45 ന്.

31 ഞായർ : കൂദോശ് ഈത്തോ ഞായറാഴ്ച

**നവംബർ**

2 ചൊവ്വ : പ. പരുമല തിരുമേനിയുടെ ഓർമ്മ.

7 ഞായർ : ഹൂദോസ് ഈത്തോ ഞായർ.

### അഭിനന്ദനങ്ങൾ

നമ്മുടെ ഇടവകാംഗമായ ശ്രീ. പി.യു. ജോസ് (ഓമന ഷോപ്പ്) സംസ്ഥാന സർക്കാരിന്റെ കേരള ട്രേഡ് സ്പെഷ്യൽ അവാർഡിന് അർഹനായി. ബഹു. ധനകാര്യമന്ത്രി ഡോ. ഐസക് തോമസ് അവാർഡ് സമ്മാനിച്ചു.

### മാമോദീസ

പുത്തൻപുരക്കൽ ശ്രീ. ലൂക്ക് വറുഗീസിന്റെയും ശ്രീമതി എലിസബത്തിന്റെയും മകൾ ഏലിസബത്ത് 26-9-2010 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു!*

### വിവാഹം

എളംകുളം പാലത്തിങ്കൽ ശ്രീ. വറുഗീസ് പി. വർക്കിയുടെയും ശ്രീമതി രമണി വർക്കിയുടെയും മകൻ വറുഗീസ് വി. പാലത്തിങ്കലും ചെങ്ങന്നൂർ എടവനത്തുകാവിൽ ശ്രീ. ഈപ്പൻ നൈനാന്റെയും ശ്രീമതി സിലു ഈപ്പന്റെയും മകൾ ഇന്ദു റേച്ചൽ ഈപ്പനും 11-09-2010ൽ കത്തീഡ്രലിൽവെച്ച് വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### നിര്യാതരായി



1. എളംകുളം പാലത്തിങ്കൽ ശ്രീമതി മറിയാമ്മ വറുഗീസ് (83) 11-09-2010 ൽ നിര്യാതയായി. എളംകുളം സെമിത്തേരിയിൽ 12-09-2010 ന് അടക്കം ചെയ്തു.

2. ആലക്കൽ ശ്രീ. ജയലാൽ വറുഗീസ് (61) നിര്യാതനായി. 17-09-2010 ന് എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



3. വരാപ്പുഴ ശ്രീമതി ഗ്രേസി പുന്നൂസ് (78) നിര്യാതയായി. 18-09-2010 ന് എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

4. വൈറ്റില വാലയിൽ ശ്രീ. വി.സി. രാജു (61) നിര്യാതനായി. 17-09-2010 ൽ ചെങ്ങന്നൂർ ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.



5. ഗിരിനഗർ നോർത്ത് കുളങ്ങര ശ്രീമതി ലില്ലി പൗലോസ് (86) നിര്യാതയായി. 25-09-2010 ൽ എളംകുളം സെമിത്തേരിയിൽ അടക്കംചെയ്തു.



6. എളംകുളം കീഴൂട്ട് വൃന്ദാവൻ കോളനിയിൽ ഡോ. മനോജ് മാത്യു (44) നിര്യാതനായി. 26-09-2010ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

7. റ്റി. ഡി. റോഡ് കിഴക്കേടത്ത് ശ്രീ. സന്തോഷ് ചെറിയാൻ (56) നിര്യാതനായി. 28-09-2010ന് ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



8. എറണാകുളം നോർത്ത് ലിങ്ക്മാൻ ഫ്ളാറ്റിൽ മുരീക്കൽ ബാബു എം. ജേക്കബ് (62) 28-09-2010 ൽ അലൈനിൽ നിര്യാതനായി. സംസ്കാരം കണ്യാട്ടുനിരപ്പ് സെ. ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽ. പരേതൻ നമ്മുടെ കത്തീഡ്രലിന്റെ പ്രഥമ വികാരിയായിരുന്ന റവ. ഫാ. ജേക്കബ് മുരീക്കലച്ചന്റെ പുത്രനാണ്.

*ആദരാഞ്ജലികൾ*

*Sponsored by:*

**A Well Wisher**

Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***